റൈസ് മില്ലുകൾ

* 611. [29] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ റൈസ് മില്ലുകൾ ഗവണ്മെൻറധീനതയിൽ കൊണ്ടുവരാൻ ഉദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ എന്നേക്ക് ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

ഇപ്പോഴം അങ്ങിനെ ഒരു തീരുമാനം എടുത്തിട്ടില്ല. ഇതു പ്രധാനമായും കേന്ദ്രഗവണ്മെൻറിൻെറ നയം അനുസരിച്ച് തീരുമാനിക്കേണ്ട കാര്യമാണ്.

UNSTARRED QUESTIONS AND ANSWERS

ഭ്രാന്താസ്പത്രി

85. [1] ശ്രീമതി ഒ. ടി. ശാരദാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഭ്രാന്താസ്പത്രിയിൽ സൈപ്പറിക്ക് ടാങ്കുണ്ടാക്കുവാൻ തീരുമാനിച്ചിട്ട് എത്ര വർഷമായി ;

(ബി) ഇക്കാലമത്രയും അതിൻെറ നിർമ്മാണം ആരംഭിക്കാതിരിപ്പാൻ കാരണമെന്താണ് ;

(സി) നിർമ്മാണപ്രവർത്തനം ആറു മാസംകൊണ്ടു പൂർത്തിയാകുമെന്നു പ്രതീക്ഷിക്കാമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ട് രണ്ടു വർഷമായി. എന്നാൽ ഈ സ്കീമിനു അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുത്തതു 8-3-63-ൽ ആണ്.

(ബി) സാങ്കേതികമായ കാരണങ്ങളാൽ പണി ആരംഭിക്കാൻ കഴിഞ്ഞില്ല.

(സി) 64-65 സാമ്പത്തികവർഷത്തിൽ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

വിവാഹമോചന കേസുകൾ

86. [2] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സ്റ്റേറ്റിൽ ഇക്കഴിഞ്ഞ (1962, 1963) രണ്ടു വർഷങ്ങളിലായി എത്ര വിവാഹമോചനകേസുകൾ ഉണ്ടായിട്ടുണ്ട് ;

(ബി) വിവാഹമോചനത്തിനു പ്രധാന കാരണങ്ങൾ എന്താണ് ;

(സി) എത്ര കേസുകളിൽ വിവാഹമോചനം അനുവദിച്ചു ;

(ഡി) അനുവദിച്ചുകൊടുക്കാത്ത കേസുകൾ എത്ര ?

ഉത്തരം

(എ) 1233.

(ബി) ക്രൂരത, അനാരോഗ്യം, ഒത്തുപോവാൻ, അനുസരണയില്ലായ്മ, സ്വഭാവത്തിലുള്ള പൊരുത്തക്കേട്, മാനസികമായ അവിശ്വാസം, സംരക്ഷിക്കാതിരിക്കൽ, വ്യഭിചാരം, ഉർനടത്ത, നിസ്സഹകരണം, നിരുൽപാദകത്വം, ബുദ്ധിഭ്രമം, ചിരകാലികമായ വേർപാട്, അസാന്മാർഗ്ഗികത, മനസ്സമ്മതമില്ലായ്മ, ഉപേക്ഷിക്കൽ എന്നിവയാണ്.

(സി) 757.

(ഡി) 125.

LIBRARY ARCHIVES Kerala Legislative Assembly